**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **07-10-2024 - ൽ മറുപടിയ്ക്ക്**

**ബാലരാമപുരം പോലീസ് സ്റ്റേഷന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവളം നിയോജകമണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ്സ്റ്റേഷന് സ്ഥലം ഏറ്റെടുത്തു കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ബാലരാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വേ നമ്പർ 240/15-ൽ പ്പെട്ട 20 സെന്റ് സ്ഥലം ബാലരാമപുരം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാരിന് വിട്ടു നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുകയുമാണ്. |
| (ബി) | വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തു പ്രവർത്തിക്കുന്ന ബാലരാമപുരം സ്റ്റേഷനിലെ പോലീസ് ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സർക്കാർ സ്കൂളിന്റെ കുറച്ചു സ്ഥലം കൂടി ഏറ്റെടുത്തു ബാലരാമപുരം ജംഗ്ഷനിൽ തന്നെ പോലീസ്സ്റ്റേഷനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ബാലരാമപുരം പോലീസ് ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള സ്കൂളിന്റെ സ്ഥലം ഏറ്റെടുത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ